**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4043** **17-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണവും സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലുള്ള വിവിധ റേഷൻകടകളിൽ ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ യഥാസമയം എത്തിച്ചു നൽകുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ; വിതരണ കരാർ കമ്പനികളുടെ വീഴ്ച പരിശോധിക്കുന്നതിനും യഥാസമയം റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിനു കിഴിലുള്ള വിവിധ റേഷൻ കടകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. ഏതാനും ചില മാസങ്ങളിൽ ട്രാൻസ്പോർട്ടേഷൻ കരാറുകാരുടെ നിസ്സഹകരണം കാരണം കാലതാമസം നേരിട്ടുവെങ്കിലും തന്മാസം തന്നെ റേഷൻ കടകളിലേക്കുള്ള വിതരണം പൂർത്തീകരിക്കുകയും റേഷൻ കടകളിൽ യഥാസമയം റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്പമംഗലം മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ? | (ബി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം പെരിഞ്ഞനം, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിൽ സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത നിയോജക മണ്ഡലത്തിലെ 32 റേഷൻ കടകൾ കെ - സ്റ്റോറുകൾ ആയി നവീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ, ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ ഒപ്പം പദ്ധതി പ്രകാരം പ്രായാധിക്യമുള്ളവരും കിടപ്പ് രോഗികളുമായ ഉപഭോക്താക്കൾക്ക് റേഷൻ വിഹിതം വീട്ടിലേക്ക് എത്തിച്ചു നല്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ